LIBRARY ARCHIVES Kerala Legislative Assembly

ദേശീയ ആരോഗ്യ നയം

23 (2574) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശീയ ആരോഗ്യ നയം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ദേശീയ ആരോഗ്യ നയത്തിൽ ആദിവാസി മേഖലകളിൽ ആരോഗ്യ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ഡി) ആദിവാസി, പിന്നോക്ക വിഭാഗങ്ങളുള്ള ഏതൊക്കെ ജില്ലകളിൽ പ്രസ്തുത മാനദണ്ഡം അനുസരിച്ച് ആശുപത്രികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ദേശീയതലത്തിൽ 2002-ലെ ദേശീയ ആരോഗ്യ നയമാണ് നിലവിലുള്ളത് (National Health Policy 2002). സംസ്ഥാനത്തെ ആരോഗ്യ പരിപാടികൾ പൊതുവിൽ ദേശീയ ആരോഗ്യനയത്തിന്റെയും ദേശീയ സംസ്ഥാന സർക്കാരുകളുടെ തീരുമാനങ്ങളെയും നയപരിപാടികളെയും അടിസ്ഥാനമാക്കിയാണ് നടപ്പിലാക്കിവരുന്നത്. കേന്ദ്ര ഗവൺമെന്റ് ആരോഗ്യനയം പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) നിലവിൽ ദേശീയ ആരോഗ്യനയത്തിൽ (2002) ആദിവാസി വിഭാഗങ്ങൾ അടക്കമുള്ള പിന്നോക്ക ജനവിഭാഗങ്ങളുടെ നിലവിലെ ആരോഗ്യ സൂചകങ്ങൾ താരതമ്യേന മോശമാണെന്നുള്ള കാര്യവും അത് മെച്ചപ്പെടുത്താൻ നടപടികൾ എടുക്കേണ്ടതിനെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. എന്നാൽ ആരോഗ്യ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ഇതിൽ പരാമർശിക്കുന്നില്ല.

(ഡി)

ജില്ല	ആശുപത്രി
പാലക്കാട്	ടൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, കോട്ടത്തറ
വയനാട്	മാനന്തവാടി നല്ലൂർനാട് ഗവ. ടൈബൽ ആശുപത്രി